**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1453** **03-02-2026 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ സ്കൂൾ ബാഗ് ഭാരം കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുട്ടികളുടെ സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നത് സംബന്ധിച്ച് എന്ത് തീരുമാനമാണ് എടുത്തിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ഇത്തരം ഒരു ചർച്ച പൊതുസമൂഹത്തിൽ ഉയർന്നു വന്നപ്പോൾ തന്നെ സംസ്ഥാന ഗവൺമെന്റ് ഈ പ്രശ്നങ്ങൾ പഠിക്കുവാൻ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയെ ചുമതലപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ സ്കൂൾ ബാഗിന്റെ ഭാരം നിജപ്പെടുത്തുന്നതിനുള്ള മാർഗരേഖയിൽ കുട്ടികളുടെ ശാരീരിക ആരോഗ്യം മുൻനിർത്തിക്കൊണ്ട് സ്കൂൾ ബാഗിന്റെ ഭാരം കുട്ടിയുടെ ശരീരഭാരത്തിന്റെ പത്ത് ശതമാനത്തിൽ കൂടാൻ പാടില്ല എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. ഇത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എല്ലാ മാസവും സ്കൂളുകളിൽ ബാഗിന്റെ ഭാരം പരിശോധിക്കണമെന്നും ഓരോ ക്ലാസ്സിലും ഒരു 'ബാഗ് വെയിറ്റ് രജിസ്റ്റർ' സൂക്ഷിക്കണമെന്നും നിർദ്ദേശമുണ്ട്. അധ്യയന ഭാരം ലഘൂകരിക്കുന്നതിനായി ഒരു ദിവസം പഠിപ്പിക്കുന്ന വിഷയങ്ങളുടെ എണ്ണം മൂന്നോ നാലോ ആയി കുറച്ചുകൊണ്ട് ടൈംടേബിളുകളിൽ മാറ്റം വരുത്താൻ എസ്.സി.ഇ.ആർ.ടി ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ ഭാരമേറിയ റഫറൻസ് പുസ്തകങ്ങളും മറ്റും സ്കൂളിൽ തന്നെ സൂക്ഷിക്കുന്നതിനായി ലോക്കറുകളോ ഷെൽഫുകളോ ഒരുക്കാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കട്ടിയുള്ള കവറുകളുള്ള നോട്ട്ബുക്കുകൾ ഒഴിവാക്കാനും ഒന്നിലധികം വിഷയങ്ങൾക്ക് ഒരൊറ്റ സംയോജിത നോട്ട്ബുക്ക് ഉപയോഗിക്കാനും കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നത് ബാഗിന്റെ ഭാരം കുറയ്ക്കാൻ സഹായിക്കും. ഈ റിപ്പോർട്ട് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | പ്രതികരണം ആരായുകയും ചെയ്തുകൊണ്ടിരിക്കുന്നു. പൊതുജന അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ട് ഏറ്റവും ശാസ്ത്രീയമായ മാർഗ്ഗനിർദ്ദേശങ്ങൾ പിന്തുടരാമെന്നാണ് സംസ്ഥാന കരിക്കുലം കമ്മിറ്റി നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ബി) | ക്ലാസ്സ് മുറികളിലെ പിൻബഞ്ച് ഒഴിവാക്കുന്നതിനുള്ള നടപടികളുടെ പ്രായോഗികത പരിശോധിച്ചിട്ടുണ്ടോ; | (ബി) | ക്ലാസ് മുറികളിലെ ഇരിപ്പിട ക്രമീകരണം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിനു വേണ്ടി എസ്.സി.ഇ.ആർ.ടി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. ജനാധിപത്യ ക്ലാസ് മുറികൾ എന്ന സങ്കൽപ്പമാണ് മാർഗ്ഗരേഖ മുന്നോട്ടുവെക്കുന്നത്. ക്ലാസ് മുറികളിലെ പരമ്പരാഗതമായ പിൻബഞ്ച് രീതി ഒഴിവാക്കി ഇരിപ്പിടങ്ങൾ വരിവരിയായി ക്രമീകരിക്കുന്നതിന് പകരം 'U' ആകൃതിയിലോ അർധവൃത്താകൃതിയിലോ ക്രമീകരിക്കുന്നതിലൂടെ അധ്യാപകനും കുട്ടികൾക്കും എല്ലാവരെയും ഒരേപോലെ കാണാനും സംവദിക്കാനും സാധിക്കുമെന്ന് ഈ രേഖയിൽ പറയുന്നു. ഗ്രൂപ്പ് പ്രവർത്തനങ്ങൾക്കും ചർച്ചകൾക്കും സൗകര്യപ്രദമായ രീതിയിൽ എളുപ്പത്തിൽ നീക്കാവുന്ന ചലനാത്മകമായ കസേരകളും എഴുത്തുപലകകളും ഉപയോഗിക്കുന്നത് എല്ലാവർക്കും തുല്യമായ പരിഗണനയും പഠന അവസരവും ഉറപ്പാക്കാൻ അത്യാവശ്യമാണെന്ന് രേഖ ചൂണ്ടിക്കാട്ടുന്നു. രേഖ അടിസ്ഥാനമാക്കി പൊതുജനങ്ങൾക്ക് പ്രതികരിക്കാനുള്ള അവസരം ഇപ്പോൾ ഒരുക്കിയിട്ടുണ്ട്. ആ വിവരങ്ങൾ കൂടി കൂട്ടിച്ചേർത്തുകൊണ്ട് നിർദ്ദേശങ്ങൾ നടപ്പിലാക്കാനാണ് സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളത്. |
| (സി) | അധ്യയന വർഷം ആരംഭിക്കുന്ന കാര്യത്തിൽ എന്തെങ്കിലും മാറ്റം വരുത്തുന്നുണ്ടോ; ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | അധ്യയന വർഷം ആരംഭിക്കുന്ന കാര്യത്തിൽ മാറ്റങ്ങൾ വരുത്തുന്നതിന്റെ പ്രായോഗികതയെക്കുറിച്ച് പൊതുവിദ്യാഭ്യാസ വകുപ്പും എസ്.സി.ഇ.ആർ.ടി.യും ചേർന്ന് ഗൗരവമായി പരിശോധിച്ചു വരികയാണ്. വിദ്യാഭ്യാസ മന്ത്രി ഈ വിഷയത്തിൽ സാമൂഹ്യ മാധ്യമങ്ങളിൽ നിന്നും അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഈ വിഷയത്തിൽ വിദ്യാഭ്യാസ വിദഗ്ധർ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ അഭിപ്രായങ്ങൾ ശേഖരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ